(ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(സി) മൂന്ന് വർഷത്തിലൊരിക്കൽ വിദ്യാർത്ഥികളുടെ പഠനാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഒരു തവണ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

(ഡി) 2015-16 അദ്ധ്യയനവർഷം മുതൽ പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ സംരംഭം

314 (980) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ സംരംഭത്തിനുള്ള 2.90 കോടി രൂപയുടെ ഭരണാനുമതി 2011-ൽ നൽകിയിരുന്നോ ;

(ബി) ആയതിന്റെ നിർവ്വഹണ ചുമതല കെപ്കോയെ ഏൽപ്പിച്ചുകൊണ്ട് ധാരണാപത്രം ഒപ്പു വെച്ചിരുന്നോ ; എങ്കിൽ അത് എന്നാണെന്നും ആരെല്ലാം തമ്മിലാണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവർത്തന ഫണ്ട് കെപ്കോയ്ക്ക് കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം ജില്ലകളിൽ നിന്നും എത്ര പട്ടികജാതി സ്വയം സഹായ സംഘങ്ങളിലൂടെ പദ്ധതി നടപ്പാക്കാനാണ് തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ധാരണാപത്രമനുസരിച്ച് പദ്ധതിയിൻകീഴിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഉത്തരവാദിത്തം ആർക്കായിരുന്നുവെന്നും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത മാനദണ്ഡങ്ങൾ പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിരുന്നോ ; വിശദമാക്കുമോ ;

(ജി) ഇതുവരെ എത്ര സംഘത്തിന് എത്ര തുക വീതം വിതരണം നടത്തിയെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭത്തിനായി 2011 സാമ്പത്തിക വർഷം 2,80,08,000 രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു.

(ബി) ആയതിന്റെ നിർവ്വഹണ ചുമതല കെപ്കോയെ ഏൽപ്പിച്ചുകൊണ്ട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും തമ്മിൽ 21-11-2011-ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(സി) കെപ്കോയ്ക്ക് അനുവദിച്ച പ്രവർത്തന ഫണ്ട് 25-5-2011-ന് കെപ്കോ മാനേജിംഗ് ഡയറക്ടർക്ക് കൈമാറി നൽകിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലായി 90 യൂണിറ്റുകൾ നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്.

(ഇ) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും കെപ്കോ മാനേജിംഗ് ഡയറക്ടറും തമ്മിലുള്ള ധാരണാപത്രമനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഉത്തരവാദിത്വം പട്ടികജാതി വികസന വകുപ്പിനായിരുന്നു. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനാണ് ധാരണാപത്രം പ്രകാരം തീരുമാനമായത്.

(എഫ്) മാനദണ്ഡങ്ങൾ പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിരുന്നില്ല.

(ജി) പട്ടികജാതിക്കാർക്കുള്ള കോഴിവളർത്തൽ പദ്ധതിപ്രകാരം 90 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കെപ്കോയ്ക്ക് 2,80,08,000 രൂപ അനുവദിക്കുകയും മേൽ തുക ഡി.ഡി.ആയി കെപ്കോ എം.ഡി. കൈപ്പറ്റുകയും ചെയ്തിരുന്നു. എന്നാൽ ലേബർ ചാർജ്ജ്, മെറ്റീരിയൽ ചാർജ്ജ് എന്നിവയിലുണ്ടായ വർദ്ധനവ് കാരണം അനുവദിച്ച തുക കൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയില്ലെന്നും യൂണിറ്റുകളുടെ എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

51 ആയി കുറയ്ക്കുകയോ അധിക ഇക അനുവദിക്കുകയോ ചെയ്യണമെന്ന് കെപ്കോ ശിപാർശ ചെയ്യുകയും ആയത് പ്രകാരം കെപ്കോയ്ക്ക് അനുവദിച്ച ഇകയും ആയതിന്റെ പലിശയും കൂടി ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുകയും ആയതിന് സർക്കാർ ഉത്തരവ് G.O(Rt) No. 218/15/SCSTDD, Dated 9-2-2015 പ്രകാരം പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നടപ്പിൽ വരുത്തുന്നതിനുള്ള നടപടി അടിയന്തിരമായി ആരംഭിക്കുന്നതിന് കെപ്കോ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ സംഘങ്ങൾക്ക് ഇക വിതരണം ആരംഭിച്ചിട്ടില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ

315 (981) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ പദ്ധതിയനുസരിച്ച് 2013-14, 2014-15 വർഷങ്ങളിൽ അനുവദിച്ച ഇക എത്രയെന്നും ഇതിൽ നിന്നും ചെലവഴിച്ച ഇക എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ പദ്ധതി അനുസരിച്ച് 2013-14-ൽ 3,22,77,971 രൂപയും 2014-15-ൽ 3,90,61,394 രൂപയും അനുവദിച്ചിരുന്നു. 2013-14-ൽ അനുവദിച്ച മുഴുവൻ ഇകയും ചെലവഴിച്ചിരുന്നു. 2014-15-ൽ 3,88,81,124 രൂപ ചെലവഴിക്കുകയുണ്ടായി.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ പദ്ധതി

316 (982) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം ഒരാൾക്ക് എത്ര ഇകയാണ് ധനസഹായമായി നൽകിവരുന്നത് എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly